ഉത്തരം

(എ) സിക്കിം, അരുണാചൽ പ്രദേശ്, നാഗാലാന്റ്, മേഘാലയ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ ഇലക്ട്രോണിക് ലോട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി, സി) വിൽപ്പന കേന്ദ്രങ്ങൾ പലപ്പോഴും ഒരു സ്ഥലത്തുതന്നെ തുടർച്ചയായി പ്രവർത്തിക്കാത്തതിനാൽ ഇവ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 18,02,76,714 രൂപയുടെ ഇടിവ് ഉണ്ടായിട്ടുണ്ട്.

കെ. എസ്. എഫ്. ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് നിയമനം

25 [4764] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ.-യിൽ സംസ്ഥാനത്താകെ നിലവിലുള്ള വിവിധ തസ്തികകളിലേക്കുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് ഇപ്പോൾ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അവയിൽനിന്ന് നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 500 ഒഴിവുകളും പ്യൂൺ/വാച്ച്മാൻ തസ്തികയിൽ 303 ഒഴിവുകളും ഉണ്ട്.

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് താൽക്കാലിക നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ അംഗീകൃത വിമുക്തഭട ഏജൻസി മുഖാന്തിരം അസിസ്റ്റന്റ് തസ്തികയിൽ 1,294 പേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(സി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് 500 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുകയും, ഈ ഒഴിവുകളിലേക്ക് പി.എസ്.സി. 475 പേരുടെ അഡ്വൈസ് ലിസ്റ്റ് അയച്ചിട്ടുണ്ട്. ഇവരുടെ നിയമനം ഉടൻ നടത്തുന്നതാണ്.

വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവയെ സംബന്ധിച്ച് സർവ്വേ

26 [4765] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവയെ സംബന്ധിച്ച് ഒരു സർവ്വേ നടത്താൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly